# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2424

12.03.2020-ൽ മറുപടിയ്ക്ക്.

## പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | സംസ്ഥാനത്തെ പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച് സമ്പൂർണ്ണ പാലുല്പാദക സംസ്ഥാനമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് ഒരു വർഷം എത്ര ലക്ഷം ലിറ്റർ പാലാണ് ഉല്പാദിപ്പിക്കുന്നത്; അടുത്ത വർഷം എത്ര ലിറ്റർ പാൽ അധികമായി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്; അതിനായി നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (ബി) നിലവിൽ സംസ്ഥാനത്തെ പാലുൽപ്പാദനം പ്രതിവർഷം 29565 ലക്ഷം ലിറ്റർ ആണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ 6822 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങളിലൂടെ സംഭരിക്കുന്നു. ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന പാൽ സംഭരണത്തിൽ 10% വർദ്ധനവ് വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.<br>പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അടുത്ത വർഷം പ്രധാനമായും താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>1) തീറ്റപ്പുൽകൃഷി പദ്ധതി<br>2) മിൽക്ക് ഷെഡ് വികസന പദ്ധതി<br>3) ഹീഫർ പാർക്ക് പദ്ധതി<br>4) ക്ഷീര ഗ്രാമം പദ്ധതി<br>5) കാലിത്തീറ്റ ധനസഹായം<br>6) ക്ഷീരസംഘങ്ങളുടെ ആധുനികവൽക്കരണത്തിനുള്ള പദ്ധതി<br>7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ |

സെക്ഷൻ ഓഫീസർ